## പതിനാലാം കേരള നിയമസഭ
### ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1560** **14-07-2016-ൽ മറുപടിക്ക്**

### കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയിലെ തുക ലഭ്യമാക്കാൻ നടപടി

| | ചോദ്യം<br><br>ശ്രീ. ബി.ഡി. ദേവസ്സി | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യാ ലോട്ടറി ഫണ്ടിൽ നിന്നും പാവപ്പെട്ടവരും ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്നവരുമായ രോഗികൾക്കുള്ള ചികിത്സാധന സഹായ പദ്ധതി പ്രകാരം അപേക്ഷ നൽകിയവർക്ക് ഇനിയും തുക അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സർക്കാർ ആശുപത്രികളിൽ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സ തേടുന്നവർക്ക് അപേക്ഷ നൽകിയാലുടൻ തന്നെ അവ പരിശോധിച്ച് ജില്ലാ തലങ്ങളിലും കാരുണ്യ ഹെഡ് ഓഫീസ് തലത്തിലും മുൻകൂർ ചികിത്സാനുമതി നൽകിവരുന്നുണ്ട്. പദ്ധതി പ്രകാരം അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് ചികിത്സ നടത്തുന്നതിനായി ജില്ലാ തലങ്ങളിൽ നിന്ന് ആതറൈസേഷനും നൽകി വരുന്നുണ്ട്. റീ ഇംബേഴ്സ്മെന്റ് നൽകുന്നതു സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച വ്യവസ്ഥകളിൽ ചില അവ്യക്തതകൾ ഉള്ളത് സഹായധനം അനുവദിക്കുന്നതിന് തടസ്സമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ചാലക്കുടി മണ്ഡലത്തിലെ ശ്രീ. പി.യു. ഷാജു, പുറക്കുളം ഹൗസ്, പോട്ട, (15-ാം നമ്പർ കമ്മറ്റി, 22-ാം നമ്പർ അജണ്ട) എന്ന രോഗിയുടെ അപേക്ഷയിൽ ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ധനസഹായം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ധനസഹായം അനുവദിച്ചിട്ടുണ്ട്. |
| (സി) | കാരുണ്യാ ചികിത്സാ ധനസഹായപദ്ധതി പ്രകാരം ഏതെല്ലാം ആശുപത്രികളിൽ എന്തെല്ലാം ചികിത്സകൾ ലഭ്യമാണ് എന്ന് വ്യക്തമാക്കാമോ ? | (സി) | കാരുണ്യബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം നിലവിൽ അടിസ്ഥാന ചികിത്സാ സൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സാ സഹായം ലഭിക്കുന്നുണ്ട്. വിദഗ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് കാഷ്‌ലസ് ചികിത്സ നൽകുന്നതിനു തയ്യാറായി വന്നിട്ടുള്ളതുമായ 75 സർക്കാരിതര ആശുപത്രികളേയും പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്